## 1101

1 യിസ്രായേലിൻ ദൈവം യുദ്ധവീരനാം
യെഹൂദയിൻ സിംഹം രാജരാജനാം
മൃത്യുവെ ജയിച്ചുയിർത്ത-തേശുനാഥനാം
നമ്മുടെ നായകൻ ക്രിസ്തു മാത്രമാം
ഓ! പോയിടാം ക്രിസ്തുവിൻ പിമ്പേ പോയിടാം
ഹാ! പാടിടാം ജയത്തിൻ ഗീതം പാടിടാം

2 ഘോരനായ സാത്താൻ നമ്മെ മുറ്റിലും
ക്രൂരമായെതിർത്തു നിൽക്കുമെങ്കിലും
ഭീതിയെന്യേ പോയിടാം കുരിശിൻ പാതയിൽ
നീതിമാർഗ്ഗമോതിടാം ലോകമെങ്ങും നാം-

3 അന്ധകാരം മന്നിൽ വ്യാപരിക്കയാൽ
അന്ധരായി മർത്യർ ഹന്ത! മേവുന്നു
അത്ഭുത പ്രകാശത്തിൻ ദീപമേന്തി നാം
ആത്മനാഥനേശുവിൻ നാമമുയർത്തിടാം-

4 അല്ലലേറും കാറ്റും കോളും കണ്ടു നാം
തെല്ലും കലങ്ങേണ്ടതില്ലീ യാത്രയിൽ
വല്ലഭൻ യേശു താൻ കൂടെയുള്ളതാൽ
ഹല്ലേലുയ്യാ ഗീതം നാം പാടി പോയിടാം- **G.P.**